# അതിഭയാനകമായ വലിയ ക്ഷാമം (വെളിപ്പാട് പഠനം 61)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

വാക്യം 6:5,6 മൂന്നാം മുദ്രപൊട്ടിച്ചപ്പോള് വരിക എന്ന് മൂന്നാം ജീവി പറയുന്നത് ഞാന് കേട്ടു. അപ്പോള് ഞാന് ഒരു കറുത്ത കുതിരയെ കണ്ടു. അതിന്മേല് ഇരിക്കുന്നവന് ഒരു തുലാസു കയ്യില് പിടിച്ചിരുന്നു. ഒരു പണത്തിന് ഒരിടങ്ങഴി കോതമ്പു, ഒരു പണത്തിന്നു മൂന്നടിങ്ങഴി യവം, എന്നാല് എണ്ണെക്കും വീഞ്ഞിനും കേടുവരുത്തരുത് എന്ന് നാലു ജീവികളുടെയും നടുവില് നിന്ന് ഒരു ശബ്ദം ഞാന് കേട്ടു.

മൂന്നാം ജീവിയുടെ ‘‘വരിക" എന്ന വിളിയെ തുടർന്ന് ഒരു കറുത്ത കുതിര പ്രത്യക്ഷപ്പെടുന്നു. കറുപ്പ് ദുഃഖത്തെയും കഷ്ടത്തെയും വിളിച്ചറിയിക്കുന്നു. തിരുവെഴുത്തില് കറുപ്പ് ക്ഷാമത്തെ പ്രതിനിധാനം ചെയ്യുന്നു. ‘ക്ഷാമത്തിന്റെ കാഠിന്യം നിമിത്തം ഞങ്ങളുടെ ത്വക്ക് അടുപ്പുപോലെ കറുത്തിരിക്കുന്നു". വിലാ. 5:10. അന്തിക്രിസ്തുവിന്റെ ഈ ഭരണകാലത്ത് അന്ന് ലോകത്തെ മുഴുവന് ബാധിക്കത്തക്കവണ്ണം അതിഭയങ്കരമായ ക്ഷാമം ഉണ്ടാകും. യേശുവിന്റെ ശിഷ്യന്മാർക്ക് നൽകിയ മൂന്നാമത്തെ  അടയാളം ക്ഷാമം ആണ്. ക്ഷാമം അവിടവിടെ ഉണ്ടാകും. മത്താ  247.

രണ്ടാം മുദ്ര പൊട്ടിച്ചപ്പോള് വലിയ യുദ്ധങ്ങളും വലിയ രക്തച്ചൊരിച്ചിലും ഉണ്ടാകും എന്ന് നാം പഠിച്ചുവല്ലോ. അതിനെ തുടർന്ന് ക്ഷാമം ഉണ്ടാകുക എന്നത് സ്വാഭാവികമാണ്. ഇവിടെ നാം കാണുന്നത് യുദ്ധത്തിന്റെ ഫലമായ ക്ഷാമവും ക്ഷാമത്തിന്റെ ഫലമായ മഹാമാരിയുമാണ്.

ലോകത്തില് 150 കോടിയോളം ജനങ്ങള് ഇന്ന് ക്ഷാമത്തിന്റെ പിടിയിലാണ്. അതില് പരിതാപകരമായി 5 കോടിയിലധികം ജനങ്ങള് കഷ്ടപ്പെടുന്നു. ഓരോ വർഷവും ദാരിദ്യര്വും അതിനോടു ബന്ധപ്പെട്ട കാരണങ്ങളാലും ഒന്നരകോടിയോളം ജനങ്ങള് മരിക്കുന്നതായി കണക്കാക്കുന്നു. ലോക ജനതയില് മൂന്നില് രണ്ടിന് വയറു നിറയെ ഭക്ഷിപ്പാനില്ല. പത്തില് എട്ടുപേർക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നില്ല. പത്തിലൊന്ന് പട്ടിണിക്ക് അധീനരാണ്. നാൽപ്പതിനായിരം കുഞ്ഞുങ്ങള് പട്ടിണിയാല് ദിനം തോറും മരിക്കുന്നു. ആറു വയസ്സിനു താഴെയുള്ള കുട്ടികളില് എഴുപതു ശതമാനം പോഷകാഹാരത്തിന്റെ കുറവിനാല് കഷ്ടപ്പെടുന്നു.

ഒരു വർഷം മരിക്കുന്ന എട്ടുകോടി ജനങ്ങളില് മൂന്നില് രണ്ട് ഭാഗവും ദാരിദ്യര്ത്തോടും പട്ടിണിയോടും ബന്ധപ്പെട്ട രോഗങ്ങളാലാണ് മരിക്കുന്നത്. ഇന്ത്യയില് ഒരുദിവസം 1100 പേര് പട്ടിണിമൂലം മരിക്കുന്നു എന്ന് പത്രത്തില് വാർത്ത വന്നു. 1995 മുതല് 1998 വരെയുള്ള വർഷങ്ങളില് പട്ടിണിമൂലം വടക്കന് കൊറിയയില് 2,20,000 പേര് മരിച്ചു. ചിതലുകള്, എലികള്, വിരകള്, ഇതര ഇഴജാതികള് എന്നിവയെ എങ്ങനെ ആഹാരപദാർത്ഥങ്ങളാക്കി മാറ്റാമെന്നുള്ള ഗവേഷണങ്ങളില് ശാസ്ത്രജ്ഞന്മാര് ഏർപ്പെട്ടിരിക്കുന്നു.

ലോകത്തില് മുപ്പതില് അധികം രാജ്യങ്ങള് ഭക്ഷയ്ക്ഷാമത്തിന്റെ പിടിയില് അമർന്നിരിക്കുന്നു അതില് അധികവും ആഫ്രിക്കന് രാജ്യങ്ങളാണ്. 1870 കളില് ഇന്ത്യയില് 50 ലക്ഷവും ചൈനയില് 90 ലക്ഷവും പട്ടിണിമൂലം മരിച്ചതായി പറയപ്പെടുന്നു. ‘ഒരുത്തന് വലതു ഭാഗം കടിച്ചു പറിച്ചിട്ടും വിശന്നിരിക്കും. ഇടതു ഭാഗവും തിന്നും. തൃപ്തി വരികയുമില്ല. ഭുജത്തിന്റെ മാംസം തിന്നുകളയുന്നു.’’ യെശ.9:20.

കുതിരമേല് ഇരിക്കുന്നവന്റെ കയ്യിലിരിക്കുന്ന തുലാസ് ഒരു വലിയ ക്ഷാമത്തിന്റെ ചിഹ്നമാണ്. ഭക്ഷണ സാധനങ്ങള് മഹോപദ്രവകാലത്ത് വളരെ നിയന്ത്രണത്തില് മാത്രം ലഭിക്കുമെന്ന് അത് വെളിപ്പെടുത്തുന്നു. രണ്ടാം ലോക മഹായുദ്ധകാലത്തിനുശേഷം ഈ ലോകം മുഴുവന് ദാരിദ്യര്ത്തില് ആയിപ്പോയി. അതുപോലെ അന്തിക്രിസ്തു ലോകമാസകലം യുദ്ധക്കെടുതികള് ഉണ്ടാക്കുന്നതിനാല് ലോകം മുഴുവന് ക്ഷാമവും ഭക്ഷണങ്ങളുടെ നിയന്ത്രണവും ഉണ്ടാകും.

കുതിരമേല് ഇരിക്കുന്നവന് തുലാസ് കയ്യില് പിടിച്ചിരിക്കുന്നതിനാല് ക്ഷാമകാലത്തെ ആഹാരസാധനങ്ങളുടെ വിപണിയും അന്തിക്രിസ്തു കയ്യിലെടുത്തിരിക്കുന്നു എന്ന് നമ്മെ വ്യക്തമാക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങള് ഇല്ലാതെ ഫാക്ടറികള് പൂട്ടുന്നതിനാല് ധാന്യങ്ങള്, ഭക്ഷയ്സാധനങ്ങള്, ഔഷധങ്ങള് എന്നിവ നിർമ്മിക്കുവാന് സാധിക്കാതെ വരുന്നു. അതിന്റെ ഫലമായി സാധനങ്ങൾക്ക് കടുത്ത കുറവ് നേരിടുകയും കഠിനമായ ക്ഷാമം ഉണ്ടാവുകയും ചെയ്യും. ധാന്യം പൂർണ്ണമായി തീർന്നിട്ടില്ല. എന്നാല് അത് കുറവായതിനാല് തൂക്കികൊടുക്കേണ്ടിവരുന്നു. 'നീ ഭക്ഷിക്കുന്ന ആഹാരം ഒരു ദിവസത്തേക്ക് ഇരുപത് ശേക്കല് തൂക്കമായിരിക്കേണം. നേരത്തോടു നേരം നീ അതുകൊണ്ട് ഉപജീവിച്ചുകൊള്ളേണം. യെഹെ. 4:10. 'ഞാന് യെരുശലേമില് അപ്പം എന്ന കോല് ഒടിച്ചുകളയും. അവര് തൂക്ക പ്രകാരവും പേടിയോടെയും അപ്പം തിന്നും. അവര് അളവു പ്രകാരവും സ്തംഭനത്തോടെയും വെള്ളം കുടിക്കും എന്ന് അവന് എന്നോടു അരുളിച്ചെയ്തു. യെഹെ. 411. തിരുവെഴുത്തുകളില് ക്ഷാമം എന്നത് മനുഷ്യന്റെ ഹൃദയ കാഠിന്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. യിരമ്യ 14 1,2

തുലാസ് കർശനമായ ധാന്യവിതരണരീതിയെ കാണിക്കുന്നു. ആഹാരം തൂക്കിക്കൊടുക്കുന്നത് മഹാക്ഷാമത്തെ കാണിക്കുന്നു. ലേവ്യ. 26:26; യെഹെ. 4: 9,10. ഇവിടെ ധാന്യങ്ങള് അളന്നു കൊടുക്കുന്നതായും എഴുതിയിരിക്കുന്നു. മഹോപദ്രവകാലത്ത് സാധനങ്ങൾക്ക് വലിയ വിലക്കയറ്റം ഉണ്ടാകും. വലിയ ബാങ്ക് നിക്ഷേപങ്ങളെല്ലാം സർക്കാരിന്റെ വകയാകും. സ്വന്തമായി സ്വത്ത് കൈവശം വെക്കുന്നത് അന്തിക്രിസ്തു നിരോധിക്കും. ഭക്ഷണസാധനങ്ങള് റേഷന് ആക്കി മാറ്റും. ധനവാനും ദരിദ്രനുമെല്ലാം ക്യൂവില് നിന്നെങ്കില് മാത്രമേ ഭക്ഷണ സാധനങ്ങള് വാങ്ങുവാന് സാധിക്കൂ. ധാരാളം പണം കയ്യില് ഉണ്ടെങ്കിലും ആവശ്യത്തിനുള്ള ഭക്ഷണസാധനങ്ങള് ലഭിക്കാത്ത കാലമാണ് അന്തിക്രിസ്തുവിന്റെ ഭരണകാലം. ധനവും ഭക്ഷണസാധനങ്ങളും കൈവശമില്ലാത്ത ജനം അന്തിക്രിസ്തുവിന്റെ 666 എന്ന മുദ്രയും സ്വീകരിച്ച് അന്തിക്രിസ്തുവിനെ അനുസരിച്ച് കഷ്ടപ്പെടേണ്ടിവരുന്ന ആ കാലം എത്ര ഭയങ്കരം.

ഈ ലോകത്തിന്റെ അവസ്ഥക്ക് മാറ്റമുണ്ടാകും. ജലസേചനം, കൃഷി എന്നിവയെല്ലാം താറുമാറാകും. യുദ്ധങ്ങള് മൂലം ബോംബുകളും മിസൈലുകളും വീണ് ആർക്കും കൃഷിചെയ്യുവാന് സാധിക്കാത്ത നിലയില് അന്നത്തെ ഭൂമിയുടെ അവസ്ഥ ശോചനീയമാകും. ആരോഗ്യമുള്ള ചെറുപ്പക്കാർ സൈനിക സേവനത്തില് ആകയാല് കൃഷി ചെയ്യുവാന് ആരും ഇല്ലാത്ത കാലം. ഇക്കാരണങ്ങളാല് കൃഷി, നിർമ്മാണ പ്രവർത്തനങ്ങള്, വ്യവസായം എല്ലാം താറുമാറാകും. അതിരൂക്ഷമായ ക്ഷാമം അന്നുണ്ടാകും.

ഒരു പണം എന്നത് ഒരു റോമന് മുദ്രയുള്ള നാണയമാണ്. ഇത് ഒരു പടയാളിയുടെ ഒരു ദിവസത്തെ കൂലിയായിരുന്നു. മത്താ. 20 : 2,3 ഭാഗത്ത് കാണുന്ന അതേ തൂക്കമാണിത്. അവിടെ യജമാനന് പറഞ്ഞിരിക്കുന്ന ഒരാളുടെ ഒരു ദിവസത്തെ കൂലിയാണ് ഒരു വെള്ളിക്കാശായി പറഞ്ഞത്. ഈ ഒരു ദിവസത്തെ കൂലിയായ ഒരു പണം കൊണ്ട് ലഭിക്കുന്നത് ഒരു ഇടങ്ങഴി കോതമ്പാണ്. വെളി. 6: 6. ഒരു ദിവസത്തെ ആഹാരത്തിന് ആവശ്യമുള്ള കോതമ്പ്, ഒരു ദിവസത്തെ കൂലികൊണ്ട് വാങ്ങിക്കുവാന് സാധിക്കുന്നില്ല. യവത്തിന് മൂന്നിലൊന്ന് വിലയേയുള്ളൂ. യവം ഒരു ദിവസത്തെ കൂലികൊണ്ട് മൂന്നു ഇടങ്ങഴി വാങ്ങിക്കാം. അവസാനം സമീപിക്കുന്തോറും ജീവിതത്തിലെ അത്യാവശ്യ സാധനങ്ങൾക്കുള്ള ദൌർലഭ്യതയും വർദ്ധിക്കും. വലിയ സാമ്പത്തിക ഞെരുക്കം നിമിത്തം ജീവിതം തകരുന്ന സന്ദർഭം. പ്രവാചകനായ ഏലീശയുടെ കാലത്ത് അരാം രാജാവ് ശമര്യയെ വളഞ്ഞപ്പോള് ഭക്ഷണം കിട്ടാതെ വന്ന സന്ദർഭത്തില് അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പുഴുങ്ങി ഭക്ഷിച്ചത് തിരുവചനത്തില് കാണുന്നു. 2. രാജാ. 6: 2630.

കൊടും പട്ടിണി നിമിത്തം മനുഷ്യരുടെ മാംസം വരെ അന്തിക്രിസ്തുവിന്റെ ഭരണ കാലത്ത് മനുഷ്യന് ഉപയോഗിക്കാം. ചിലരാജ്യങ്ങളില് ഉപേക്ഷിക്കപ്പെടുന്ന ഗർഭസ്ഥ ശിശുക്കളെ പാകപ്പെടുത്തി ഹോട്ടലുകളില് ഭക്ഷണമായി ഉപയോഗിക്കുന്ന വാർത്ത കേട്ടിരുന്നു. മനുഷ്യന്റെ വിശപ്പടക്കാന് നിവൃത്തിയില്ലാതെ വരുമ്പോള് മഹോപദ്രവകാലത്ത് ഇപ്രകാരം മനുഷ്യമാംസം വരെ ഉപയോഗിക്കും. ഈ കാലം എത്ര ഭയങ്കരം.

'മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്വാന് വയ്യാതെയും ആകുന്നു.' വെളി. 13: 17. അന്തിക്രിസ്തുവിന്റെ 666 എന്ന മുദ്ര അംഗീകരിച്ച കമ്പനികൾക്കും വ്യക്തികൾക്കും മാത്രമേ വിൽക്കുവാനും വാങ്ങുവാനും അനുവാദമുള്ളു. ഈ മുദ്രയെക്കുറിച്ച് വെളിപ്പാട് 13ാം അദ്ധ്യായം പഠിക്കുമ്പോള് കൂടുതലായി വിശദീകരിക്കാം. ഈ മുദ്ര ഏറ്റവർക്ക് ക്രയവിക്രയങ്ങള് നടത്തുവാന് കഴിയും. അവര് മാത്രമാണ് സർക്കാരിന്റെ അംഗീകാരമുള്ള പൌരന്മാര്. ആകയാല് വിൽക്കുവാനും വാങ്ങുവാനും അവർക്കുമാത്രമാണ് അംഗീകാരമുള്ളത്. ഹാ! എത്ര ഭയങ്കരം!!

ക്ഷാമം എന്നത് ഇന്ന് ആഗോള വ്യാപകമായിരിക്കുന്നു. ദാരിദ്യ്രം എല്ലാ മേഖലയിലും വ്യാപിച്ചിരിക്കുന്നു. ക്ഷാമം ഉണ്ടാകും എന്ന് കർത്താവ് മുന്നറിയിച്ചത് അക്ഷരംപ്രതി ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നു. ദാരിദ്യ്രം അകറ്റി ലോകത്തെ വന് സമൃദ്ധിയിലേക്ക് കൊണ്ടുവരുവാനുള്ള ഒരു ഏകാധിപതിയെ കണ്ടെത്തുവാനുള്ള തിരക്കിലാണ് ലോകാധിപതികള്. ഭൂലോകത്തിലെ ദാരിദ്യ്രം അകറ്റുവാനായി ആ ഏകാധിപതി പുതിയ പദ്ധതിയുമായി രംഗപ്രവേശനം ചെയ്യുന്നതോടെ മഹാപീഢനം ആരംഭിക്കുന്നു. സമ്പന്നരാഷ്ട്രങ്ങള് എന്നറിയപ്പെടുന്ന രാഷ്ട്രങ്ങള് ദാരിദ്യ്രത്തിന്റെ പിടിയില് ഇപ്പോഴേ അമർന്നുകഴിഞ്ഞു. ആഫ്രിക്കന് രാജ്യങ്ങളായ റുവാണ്ട, സോമാലിയ എന്നീ പട്ടിണിരാജ്യങ്ങളെ മറക്കുവാന് കഴിയില്ല. കൊടുംദാരിദ്യ്രം ആ രാജ്യങ്ങളുടെ മുഖച്ഛായ വികൃതമാക്കിയിരിക്കുന്നു. ആഫ്രിക്കയിലെ മറ്റൊരു രാജ്യമായ സയേറില് അതിരൂക്ഷമായ ക്ഷാമമാണ് അനുഭവപ്പെടുന്നത്. പട്ടിണിക്കോലങ്ങളായ കുട്ടികള് വേച്ചുവേച്ച് നടന്നു കൊണ്ട് കടലാസും കരിയിലയും തിന്ന് വിശപ്പടക്കുവാന് ശ്രമിക്കുന്ന കാഴ്ച ഞെട്ടിപ്പിക്കുന്നതാണ്. ഒട്ടിയ കവിളുകളും കുഴിഞ്ഞുതാണ കണ്ണുകളുമായുള്ള അസ്ഥിപഞ്ജരങ്ങളെപോലെയുള്ള മനുഷ്യപ്പേക്കോലങ്ങള്. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ചുട്ടുപൊള്ളുന്ന വെയിലില് തിളച്ചു കിടക്കുന്ന മണൽത്തരികളിലൂടെ കത്തിയെരിയുന്ന വയറുമായി മൈലുകള് താണ്ടി ആഹാരം വിതരണം ചെയ്യുന്ന ക്യാമ്പുകളിലേക്കും ഇഴഞ്ഞ് ഇഴഞ്ഞ് നീങ്ങുന്ന കാഴ്ച എത്ര ഭയങ്കരം. ക്യാമ്പുകളിലെത്തുന്നതിന് മുമ്പ് വെള്ളംപോലും കിട്ടാതെ ചിലര് മരിക്കുന്നു. ദാരിദ്യ്രം ഒരു തീരാശാപം പോലെ മാനവരാശിയെ പിടിച്ചുകഴിഞ്ഞു.

യൂറോപ്യന് രാജ്യങ്ങളിലും പട്ടിണി രൂക്ഷമായിരിക്കുന്നു. ആഹാരവും മരുന്നും ഇല്ലാതെ ഇറാക്കില് ദിവസം തോറും അനേകം കുഞ്ഞുങ്ങള് മരിച്ചുകൊണ്ടിരിക്കുന്നു. അഞ്ചുവയസ്സില് താഴെയുള്ള കുട്ടികളാണ് മരിക്കുന്നവരില് ഏറെയും. കുടിക്കുവാന് വെള്ളം ഇല്ലാതെ തളർന്നു കിടക്കുന്ന കുട്ടികളും വളരെയുണ്ട്. പട്ടിണിമൂലം കഷ്ടപ്പെടുന്ന മറ്റൊരു രാജ്യമാണ് സൊമാലിയ. ഫിലിപ്പിയൻസ്, റുവാണ്ട എന്നീ രാജ്യങ്ങളിലും ദാരിദ്യ്രം വളരെയാണ്. ആഹാരത്തിന്റെയും ശുദ്ധജലത്തിന്റെയും കുറവ് പല രാജ്യങ്ങളെയും ബാധിച്ചിരിക്കുന്നു. വമ്പിച്ച ജനപ്പെരുപ്പവും ആഗോളപതനവും ഇന്ന് ലോകത്തിന് ഭീഷണിയായിരിക്കുന്നു.

മാനവ സമൂഹം ഇന്നുവരെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ളതിൽവെച്ച് അതിഭയങ്കരമായ ക്ഷാമമാണ് അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് നടക്കുവാന് പോകുന്നത്. അന്ന് നരകതുല്യമായ ജീവിതമായിരിക്കും ജനം അനുഭവിക്കുവാന് പോകുന്നത്. വിശപ്പടക്കുവാന് വഴിയില്ലാതെ അലഞ്ഞുതിരയുന്ന തെരുവുകുട്ടികളുടെ എണ്ണം റഷ്യയില് വർദ്ധിക്കുന്നു. റഷ്യയില് ഇന്ന് കുട്ടികള് ശാപമായി മാറിയിരിക്കയാണ്. തെരുവുകളിലേക്ക് ആട്ടിയിറക്കപ്പെടുന്ന കുട്ടികളുടെ എണ്ണം റഷ്യയില് വർദ്ധിച്ചുവരുന്നു. മാതാപിതാക്കൾപോലും വീട്ടില് നിന്ന് കുട്ടികളെ തെരുവിലേക്ക് തള്ളുന്ന അനുഭവം റഷ്യയില് നടക്കുന്നു. മഴയില് നിന്നും വെയിലില് നിന്നും രക്ഷതേടി ജീർണിച്ച കടത്തിണ്ണകളിലും കോണിപ്പടിയിലും അഭയം തേടുകയും ചെയ്യുന്നു ഭൂരിപക്ഷം തെരുവുകുട്ടികളും. എന്നാല് ഇവിടങ്ങളിലും അവരെ സുരക്ഷിതമായി കഴിയാന് നിയമങ്ങള് അനുവദിക്കുന്നില്ല. നമ്മുടെ ഈ കാലത്ത് ലോകം അനുഭവിക്കുന്ന ദാരിദ്യ്രം നമ്മുടെ മനസ്സ് വ്യാകുലപ്പെടുത്തുന്നതാണ്. എന്നാല് മഹോപദ്രവകാലമാകുന്ന അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് നടക്കുന്ന ക്ഷാമം ഇതിനേക്കാള് അതിഭയാനകമാണ്.

**തിരുവചനത്തിലെ ക്ഷാമകാലങ്ങള്**

1. ഉല്പ. 12:10 അബ്രഹാമിന്റെ കാലത്ത്
2. ഉല്പ 26:1. വീണ്ടും അബ്രഹാമിന്റെ കാലത്ത്
3. രൂത്ത് 1:1 ന്യായാധിപന്മാരുടെ കാലത്ത്

4. 2. ശമൂ. 21: 1 ദാവീദിന്റെ കാലത്ത്
5. 1. രാജാ 17. 1:16 ഏലിയാവിന്റെ കാലത്ത്
6. 2. രാജാ 4:38 ഏലീശായുടെ കാലത്ത്
7. 2. രാജാ. 6:2 വീണ്ടും എലീശായുടെ കാലത്ത്
8. 2. രാജാ. 25 :3 യഹൂദാ രാജാക്കന്മാരുടെ കാലത്ത്
9. നെഹെ 5:9 നെഹമ്യാവിന്റെ കാലത്ത്
10. വിലാ 2:12, 4:4 യിരമ്യാവിന്റെ കാലത്ത്
11. ആമോ 4:6 ആമോസിന്റെ കാലത്ത്
12. വെളി 6: 68. മഹാപീഡന കാലത്ത്

**തിരുവെഴുത്തില് ക്ഷാമം പ്രവചിക്കപ്പെട്ടിട്ടുണ്ട്**

1. ഉല്പ 41: 27 ഫറവോന്റെ സ്വപ്നങ്ങളിലൂടെ
2. ഹബ 3:17 ഫറവോന്റെ സ്വപ്നങ്ങളിലൂടെ
3. മത്താ 24:7 ക്രിസ്തുവിന്റെ പഠിപ്പിക്കലിലൂടെ
4. പ്രവൃ. 11:28 അഗബോസിന്റെ പ്രവചനത്തിലൂടെ
5. വെളി 6:8 യോഹന്നാന്റെ വെളിപ്പാടിലൂടെ

പാപത്തിന്റെ ഫലമാണ് ക്ഷാമം

1. ലേവ്യ 26:2426 നിയമലംഘനംമൂലം
2. ആവ 28:4557 അനുസരണക്കേടുമൂലം
3. യിരമ്യ 14:116 പാപം കലർത്തിയ ആത്മികം മൂലം
4. യെഹ 4:46, 17:5, 12, 6:12 പാപം മൂലം
5. വെളി 18:110 ലോകത്തിന്റെ പാപം മൂലം

**എണ്ണെക്കും വീഞ്ഞിനും കേടുവരുത്തരുത്.**

മഹോപദ്രവകാലത്തിലെ ക്ഷാമത്തിന്റെ കാഠിന്യം എത്ര ഭയങ്കരമാണെന്ന് നാം മനസ്സിലാക്കി. നാലു ജീവികളുടെ മദ്ധ്യേ നിന്നു മുഴങ്ങുന്ന ശബ്ദമാണ് എണ്ണെക്കും വീഞ്ഞിനും കേടുവരുത്തരുത് എന്നുള്ളത്.
എണ്ണ, വീഞ്ഞ്, ധാന്യം എന്നിവ മനുഷ്യന് ആവശ്യമുള്ള കാര്യങ്ങളാണ്. ആവ 7: 13, 2831 ഹോശെ 2: 8, 22. എണ്ണയും വീഞ്ഞും മരുന്നിനെ പ്രതിനിധീകരിക്കുന്നു. ‘ഒരു ശമര്യാക്കാരനോ വഴിപോകയില് അവന്റെ അടുക്കല് എത്തി അവനെ കണ്ട് മനസലിഞ്ഞു. അരികെ ചെന്ന് എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകളെ കെട്ടി അവനെ തന്റെ വാഹനത്തില് കയറ്റി വഴിയമ്പലത്തിലേക്ക് കൊണ്ടുപോയി രക്ഷചെയ്തു.'' ലൂക്കോ 10:33,.34. മുറിവേറ്റവരുടെ മുറിവെച്ചു കെട്ടുവാന് എണ്ണയും വീഞ്ഞും ഉപയോഗിച്ചുവന്നിരുന്നു എന്ന് വ്യക്തം. വലിയ യുദ്ധം നടക്കുന്ന ഈ കാലയളവില് യുദ്ധാവശ്യങ്ങൾക്കായി എണ്ണയും വീഞ്ഞും മുറിവേറ്റവർക്കായി പ്രയോജനപ്പെടും.

അക്കാലത്ത് സമ്പന്നന്മാരുടെ കൈവശം ധാരാളം എണ്ണയും വീഞ്ഞും ശേഖരിക്കപ്പെട്ടിരിക്കും. ‘അല്ലയോ ധനവാന്മാരെ ,നിങ്ങളുടെ മേല് വരുന്ന ദുരിതങ്ങള് നിമിത്തം കരഞ്ഞു മുറയിടുവിന്. നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു. ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും. അതു തീപോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും. അന്ത്യകാലത്തു നിങ്ങള് നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു. നിങ്ങള് ആഢംബരത്തോടെ സുഖിച്ചു പുളച്ച ദിവസത്തില് എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ പോഷിപ്പിച്ചിരിക്കുന്നു.'' യാക്കോ . 5:1, 3,5. ഇവരുടെ നിക്ഷേപങ്ങളെല്ലാം അന്തിക്രിസ്തുവിന്റെ സർക്കാര് പിടിച്ചെടുക്കും. ഇവരും ദാരിദ്യര്ം അനുഭവിക്കും. ഇവര് സുഖിച്ചു പുളച്ചതെല്ലാം മാറി ദുരിതം അനുഭവിക്കും. സമ്പന്നന്മാരും സാധുക്കളും എല്ലാം ഒരുപോലെ ദുരിതവും ദാരിദ്യര്വും അനുഭവിക്കുന്ന കാലമാണ് മഹോപദ്രവകാലം. അന്നു ഭൂമിയിലുള്ള സകലർക്കും അത് ബാധകമാണ്. ലൂക്കോ. 212:5. കുതിരമേല് ഇരിക്കുന്നവന് തുലാസ് കയ്യില് പിടിച്ചിരിക്കുന്നതിനാല് മഹോപദ്രവകാലത്ത് അന്തിക്രിസ്തു ആഹാരസാധനങ്ങളുടെ വിപണനത്തിന്റെ ചുമതലയും എടുത്തിരിക്കും എന്നത് വ്യക്തമാണ്.